**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1027</u>** **<u>06-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri Roshy Augustine (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; | (എ) | ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കല്യാശ്ശേരി മണ്ഡലത്തിൽ 30-09-2021 വരെ ആകെ 22832 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. നിലവിൽ നടപ്പിലാക്കി വരുന്ന ജല ജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തകർന്ന് കിടക്കുന്ന ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ജല ജീവൻ മിഷൻ പദ്ധതി ഗ്രാമീണ മേഖലയിലെ വീട്ടുകൾക്ക് ഗാർഹിക കുടിവെള്ള കണക്ഷനുകൾ നല്കുന്നതിലേക്കായി നടപ്പിലാക്കുന്ന പദ്ധതിയാണ്. ജല ജീവൻ മിഷൻ പദ്ധതി പ്രകാരമുള്ള പ്രവർത്തികൾ നിർവ്വഹിക്കുന്നതിലേക്കായി മുറിക്കേണ്ടി വരുന്ന റോഡുകൾ താത്കാലികമായി പുനഃസ്ഥാപിക്കുന്നതിന് പ്രവർത്തിയുടെ അംഗീകൃത ഷെഡ്യൂളിൽ വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട് . റോഡുകളുടെ പൂർണ്ണമായ പുനസ്ഥാപനം തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലയാണ് . |

സെക്ഷൻ ഓഫീസർ

# അനുബന്ധം

<table>
<tr><th>പഞ്ചായത്ത്</th><th>ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം</th><th>നൽകിയ കുടിവെള്ള കണക്ഷനുകൾ</th><th>പ്രവൃത്തിയുടെ നിലവിലെ സ്ഥിതി</th></tr>
<tr><td>ചെറുകുന്ന്</td><td>1638</td><td>1580</td><td rowspan="8">പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.</td></tr>
<tr><td>കല്ല്യാശ്ശേരി</td><td>5651</td><td>4915</td></tr>
<tr><td>ഏഴോം</td><td>2404</td><td>1645</td></tr>
<tr><td>മാട്ടൂൽ</td><td>5549</td><td>3264</td></tr>
<tr><td>കടന്നപ്പള്ളി-പാണപ്പുഴ</td><td>3777</td><td>614</td></tr>
<tr><td>മടായി</td><td>7501</td><td>5740</td></tr>
<tr><td>ചെറുതാഴം</td><td>6884</td><td>2279</td></tr>
<tr><td>കുഞ്ഞിമംഗലം</td><td>4578</td><td>1810</td></tr>
<tr><td>പട്ടുവം</td><td>2719</td><td>403</td><td rowspan="2">കരാറുകാരൻമരണപ്പെട്ടതിനാൽ പ്രവൃത്തി പുനർ ദർഘാസ് ചെയ്യുന്നതിലേക്കായി എസ്റ്റിമേറ്റ് പുതുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു</td></tr>
<tr><td>കണ്ണപുരം</td><td>2668</td><td>582</td></tr>
</table>